(ബി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വ്യവസായം, തൊഴിൽ, റവന്യൂ വകുപ്പു മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) തീരുമാനങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കൊരട്ടി വൈഗൈ ത്രഡ്സ് അടച്ചുപൂട്ടുന്നതുമായി ബന്ധപ്പെട്ട് ബഹു. കർണ്ണാടക ഹൈക്കോടതിയിൽ നിലവിലുള്ള കേസ് പിൻവലിക്കുന്നതിന് നടപടി സ്വീകരിച്ചുവരവെ, ബഹു. കർണ്ണാടക ഹൈക്കോടതി 90/08 കമ്പനി പെറ്റീഷനിൽ അന്തിമവിധി പുറപ്പെടുവിച്ചു. കമ്പനി അടച്ചുപൂട്ടുന്നതിനും ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഒഫിഷ്യൽ ലിക്വിഡേറ്ററെ ചുമതലപ്പെടുത്തിയുമാണ് ബഹു. കർണ്ണാടക ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചത്. ഈ സാഹചര്യത്തിൽ കൊരട്ടി വൈഗൈ ത്രഡ്സിന്റെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ, ബഹു. വ്യവസായ വകുപ്പുമന്ത്രി, ബഹു. റവന്യൂ വകുപ്പുമന്ത്രി, ബഹു. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ 23-7-2015-ൽ ഒരു യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) അടിയന്തരമായി നടപടികൾ സ്വീകരിച്ചുവരികയാണ്.

സ്കിൽ ഡെവലെപ്മെന്റ് മിഷൻ

194 (4997) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കിൽ ഡെവലപ്മെന്റ് മിഷന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് നൈപുണ്യവികസന പ്രവർത്തനങ്ങൾ ഏകോപിച്ചു നടത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് എന്ന സ്ഥാപനത്തിന് രൂപം നൽകിയിട്ടുണ്ട്.

(ബി) വിവിധ മേഖലയിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ തുടങ്ങുന്നതിലേയ്ക്കായി 28-3-2012-ൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) എന്ന പേരിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഒരു സെക്ഷൻ 8 കമ്പനി സ്ഥാപിച്ചു. ആഗോളവത്ക്കരണത്തെത്തുടർന്ന് ആധുനികലോകത്തെ വിവിധ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുകയെന്നതാണ് KASE ന്റെ പ്രധാന ലക്ഷ്യം.

(സി) നൈപുണ്യവികസന പ്രവർത്തനങ്ങൾ ഭരണതലത്തിൽ രണ്ടായി തിരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെകീഴിൽ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായുള്ള അഡീഷണൽ സ്കിൽ അക്യൂസിഷൻ പ്രോഗ്രാം (ASAP)-ഉം തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ഉം. KASE-ന്റെ വികസന പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനായി മുഖ്യമന്ത്രി ചെയർമാനായുള്ള അഡ്വൈസറി ബോർഡും രൂപീകരിച്ചിട്ടുണ്ട്.

ഭരണതലത്തിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)- ന് നാളിതുവരെ 72.94 കോടി രൂപ ലഭിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ 23 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE), അങ്കമാലിയിലെ ഇന്റർ നാഷണൽ സ്കിൽസ് പാർക്കിൽ ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, ഓയിൽ & റിഗ്, റീട്ടെയിൽ, സെക്യൂരിറ്റി, ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC) സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കൊല്ലം ജില്ലയിലെ ചവറയിൽ ആദ്യ കൗശലകേന്ദ്രം പ്രവർത്തനം ആരംഭിച്ചു. കോഴിക്കോട് ജില്ലയിലും പാലക്കാട് ജില്ലയിലും കൗശലകേന്ദ്രം ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ

പുരോഗമിച്ചുവരികയും ചെയ്യുന്നു. നഴ്സിംഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ എൻഹാൻസ്മെന്റ് (NICE)-ന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

ബലരാമൻ കമ്മീഷൻ റിപ്പോർട്ടിലെ വ്യവസ്ഥകൾ

195 (4998) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുൾപ്പെടെ മറ്റു ജീവനക്കാരുടെ സേവന-വേതനവ്യവസ്ഥകൾ സംബന്ധിച്ച് പഠനം നടത്തിയ ബലരാമൻ കമ്മീഷൻ റിപ്പോർട്ടിലെ ഏതെല്ലാം വ്യവസ്ഥകൾ നാളിതുവരെ നടപ്പാക്കി എന്നും ഇനിയും നടപ്പാക്കാനുള്ള വ്യവസ്ഥകൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്താകമാനം എത്ര സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നു എന്നും ഇവയിലാകെ എത്ര നഴ്സുമാർ ഉൾപ്പെടെ മറ്റു ജീവനക്കാർ പ്രവർത്തിക്കുന്നു എന്നും ജില്ല തിരിച്ചുള്ള വിശദാംശം ഉൾപ്പെടെ വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(സി) ഇവർക്ക് ഇന്നു ലഭിക്കുന്ന വേതന നിരക്കുകൾ എത്രയെന്നും പല സ്വകാര്യ ആശുപത്രികളും സർക്കാർ നിർദ്ദേശിക്കുന്ന തുക നൽകുന്നില്ല എന്നതും വേതന തുക ബാങ്കിൽ നിക്ഷേപിക്കുകയും സ്വകാര്യ ആശുപത്രികൾ തീരുമാനിക്കുന്ന നിരക്ക് കഴിഞ്ഞ് ബാക്കി ഭാഗം തിരികെ വാങ്ങുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുൾപ്പെടെ മറ്റു ജീവനക്കാർ ഇത്തരം വിഷയങ്ങളിൽ പ്രതികരിച്ചാൽ അവർക്ക് ജോലി നഷ്ടപ്പെടുന്നതു തടയുവാൻ എന്തു നടപടി സ്വീകരിക്കും എന്നും അവരുടെ ജോലിസ്ഥിരതയും സർക്കാർ നിർദ്ദേശിച്ച ശമ്പളവും ഉറപ്പുവരുത്താനും എന്തു നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട 19 മുതൽ 30 വരെയുള്ള ശിപാർശകൾ പ്രധാനമായും നഴ്സുമാരുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചും ആശുപത്രി വ്യവസായ രംഗത്തെ വേതന പരിഷ്കരണം, ആശുപത്രി ജീവനക്കാരുടെ ജോലി സമയം, ഷിഫ്റ്റ് എന്നിവ സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങളാണ് 28-5-2012-ലെ സ.ഉ. (സാധാ) നമ്പർ 799/12/തൊഴിൽ പ്രകാരം രൂപീകരിച്ച ത്രികക്ഷി സമിതിയായ സ്വകാര്യ ആശുപത്രി

LIBRARY ARCHIVES Kerala Legislative Assembly